# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3461 — 09.04.2013-ൽ മറുപടിയ്ക്ക്

## റോഡുകളുടെ നിലവാരം ഉയർത്തുന്നതിന് പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.എം.എ.വാഹിദ്**<br>**,, സണ്ണി ജോസഫ്**<br>**,, വി.റ്റി.ബൽറാം**<br>**,, എ.റ്റി.ജോർജ്** | | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് റോഡുകളുടെ നിലവാരം ഉയർത്തുന്നതിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; | (എ) | സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 1204 കി.മീ റോഡുകളുടെ നിലവാരം ഉയർത്തുന്നതിനായി സംസ്ഥാന റോഡുവികസന പദ്ധതിയ്ക്ക് (SRIP) രൂപം നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും വിശദമാക്കുമോ ; | (ബി) | സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി തെരഞ്ഞെടുക്കപ്പെട്ട സ്റ്റേറ്റ് ഹൈവേകളും മേജർ ജില്ലാ റോഡുകളും ഉൾപ്പെടെ 1204 കി.മീ റോഡുകളാണ് റീഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ രണ്ട് പാക്കേജുകളിലായി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിൽ വികസിപ്പിച്ച് ഗതാഗതം കൂടുതൽ സുഗമമാക്കുക, അപകടങ്ങൾ കുറയ്ക്കുക, വർഷം തോറുമുള്ള അറ്റകുറ്റപ്പണികൾ ഒഴിവാക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. റോഡ്സ് കോൺഗ്രസിന്റെ മാനദണ്ഡങ്ങൾ അനുസരിച്ചാണ് പ്രസ്തുത റോഡുകൾ വികസിപ്പിക്കുന്നത്. |
| (സി) എത്ര കിലോമീറ്റർ റോഡാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; | (സി) | 1204 കി.മീറ്റർ റോഡുകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (ഡി) പ്രസ്തുത പദ്ധതിയുടെ മതിപ്പുചെലവ് എത്രയാണെന്നറിയിക്കുമോ ; | (ഡി) | 4684/- കോടി രൂപയാണ് പദ്ധതിയുടെ മതിപ്പു ചെലവായി പ്രതീക്ഷിക്കുന്നത്. |
| (ഇ) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഏതെല്ലാം ഏജൻസികളാണ് ധനസഹായം നൽകുന്നതെന്ന് വ്യക്തമാക്കുമോ ? | (ഇ) | പ്രസ്തുത പദ്ധതിയുടെ റീഹാബിലിറ്റേഷൻ പാക്കേജ് PPP-ആന്വിറ്റി രീതിയിലും അപ്ഗ്രഡേഷൻ പാക്കേജ് ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് പോലുള്ള ധനകാര്യ ഏജൻസികളിൽ നിന്നും ധനസഹായം ലഭ്യമാക്കിയുമാണ് വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**